No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2019

### സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ NRI ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവർക്ക് രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ജൂൺ 18 വരെ ദീർഘിപ്പിച്ചു

**2019–20** അധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിലെ മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലും നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസിലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന താണ്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ 15% എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, പ്രസ്തുത സീറ്റുകളിലേയ്ക്കുള്ള അർഹത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള (**www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ) അവസരം **2019 ജൂൺ 12–ൽ നിന്നും ജൂൺ 18–ാം തീയതി (വൈകുന്നേരം 5 മണി) വരെ ദീർഘിപ്പിച്ചു**.

വിശദമായ വിവരങ്ങൾക്കായി **31.05.2019–ലെ വിജ്ഞാപനം** കാണുക.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471–2332120, 2339101, 2339102, 2339103 &2339104(10 am–5pm)**

തിരുവനന്തപുരം
11.06.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**